# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
E-mail: info@pravasikerala.org www.pravasikerala.org


## ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം

## (ഹാജർ: ഗീതാലക്ഷ്മി എം. ബി )

**ഉത്തരവ് നമ്പർ: KNRKWB/571/2024-S6 തീയതി: 05/08/2024**

വിഷയം: കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് - ക്ഷേമനിധി പെൻഷൻ അപേക്ഷയോടൊപ്പം, അപേക്ഷകന്റെ ആധാർരേഖ കൂടി അപ്ലോഡ് ചെയ്യേണ്ടതാണെന്ന നിബന്ധനയിൽ താത്കാലിക ഇളവുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1 ) 28/03/2023 - ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.58/2023/ ധന.

2) 04/05/2023 തീയതിയിലെ S7/KNRKWB/PN/99/2023 നമ്പർ കത്ത്

3) 13/09/2023 ലെ എ1/208/2023/നോർക്ക നമ്പർ കത്ത്

4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/03/2024 - ലെ സർക്കുലർ നം: S3 KNRKWB/01/2024

സാമൂഹ്യ സുരക്ഷാ/ക്ഷേമ നിധി ബോർഡ് പെൻഷൻ ഉപഭോക്താക്കളുടെ വാർഷിക മസ്റ്ററിങ് സംബന്ധിച്ച് പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം വിശദമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം 2024 മുതൽ എല്ലാ വർഷവും, ജനുവരി 1 മുതൽ ഫെബ്രുവരി 28/29 നകം, തൊട്ടു മുൻപുള്ള വർഷം ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ അക്ഷയകേന്ദ്രങ്ങൾ വഴി ആധാർ അധിഷ്ഠിതമായ ബയോമെട്രിക് മസ്റ്ററിങ് നടത്തേണ്ടതാണെന്ന് ഉത്തരവായി. മേൽപ്പറഞ്ഞ നിർദ്ദേശത്തിനനുസൃതമായി പ്രവാസി ക്ഷേമ ബോർഡിലും വിവിധ പെൻഷൻ അപേക്ഷകളിൽ ആധാർ നിർബന്ധമാക്കിക്കൊണ്ട് നടപടികൾ ആരംഭിക്കുകയും, പെൻഷൻ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ഉണ്ടായി.

തുടർന്ന് വിദേശത്ത് ജോലി നോക്കി വരുന്ന ഭൂരിഭാഗം പ്രവാസി മലയാളികളും നാളിതുവരെ ആധാർ എടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ക്ഷേമ നിധി പെൻഷനും ലൈഫ് സർട്ടിഫിക്കറ്റിനും ആധാർ കാർഡ് ഹാജരാകുന്നതിൽ നിന്ന് പ്രവാസി കേരളീയൻ വിദേശം (1A ) വിഭാഗത്തിൽ ഉള്ളവരെ ഒഴിവാക്കണമെന്നു കാണിച്ച് നിരവധി പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തെ ആധാർ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് സൂചന 2 പ്രകാരം കത്ത് നൽ കിയിരുന്നു. എന്നാൽ ബോർഡിന്റെ പെൻഷൻ ഡേറ്റ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ സോഫ്റ്റ്‌വെയർ ആയ സേവനയുമായി സംയോജിപ്പിച്ചതിനു ശേഷം എംബസി അനുവദിച്ച നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വാർഷിക മസ്റ്ററിങ് പൂർത്തിയാക്കേണ്ടതാണെന്നും, ഇപ്രകാരമുള്ള നിർബന്ധ മസ്റ്ററിംഗ്ൽ നിന്നും കേരള പ്രവാസി ക്ഷേമ ബോർഡിനെ ഒഴിവാക്കാൻ സാധിക്കുകയില്ല എന്നും പരാമർശം 3 പ്രകാരം സർക്കാർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള മാറ്റം ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം 4 പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ മുൻകൂർ അറിയിപ്പ് നൽകാതെ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയ സാഹചര്യത്തിൽ, നിലവിൽ ആധാർ ഇല്ലാത്ത പ്രവാസി കേരളീയൻ വിദേശം (1A) കാറ്റഗറിക്കാർക്ക് പെൻഷന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. തുടർന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവാസി കേരളീയൻ വിദേശം (1A) വിഭാഗത്തിൽപ്പെട്ട പ്രവാസികൾക്ക് നിശ്ചിത കാലയളവിലേക്ക് ആധാർ സമർപ്പിക്കുന്നതിൽ നിന്നും ഇളവ് നല്കാൻ കഴിയുമോ എന്ന വിഷയം വിശദമായി പരിശോധിച്ചു.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൻറെ പെൻഷൻ ഡാറ്റബേസ് സേവന പോർട്ടലുമായി ബന്ധിപ്പിക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. എങ്കിലും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതാണ്. ആയതിനാൽ നിലവിൽ ആധാർ കാർഡ് എടുത്തിട്ടില്ലാത്ത പ്രവാസി കേരളീയൻ വിദേശം (1A) വിഭാഗത്തിൽ പ്പെട്ട ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ അപേക്ഷയോടൊപ്പം ആധാർ രേഖ അപ്‌ലോഡ് ചെയ്യുന്നതിന് 2024 ഡിസംബർ 31 വരെ സാവകാശം നൽകുന്നതിനും, ഇപ്പോൾ ആധാർരേഖ കൈവശം ഉള്ള ടി വിഭാഗക്കാർക്ക് ആധാർ രേഖ അപ്‌ലോഡ് ചെയ്ത് പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഇതോടൊപ്പം ആധാർ കൈവശമില്ലാത്ത അപേക്ഷകർ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ ഒരു സത്യപ്രസ്താവന കൂടി പെൻഷൻ അപേക്ഷയിൽ, ആധാർ അപ്‌ലോഡ് ചെയ്യേണ്ടുന്ന സ്ഥാനത്ത് അപ്‌ലോഡ് ചെയ്ത പെൻ ഷൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും ഉത്തരവാകുന്നു. ആയതിനു ആവശ്യമായ ക്രമീകരണം സോഫ്റ്റ്‌വെയറിൽ സജ്ജമാക്കേണ്ടത് ഐ ടി & സിസ്റ്റം

മാനേജരുടെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

Signed by
Geetha Lekshmi M B
Date: 05-08-2024 16:10:06
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

1. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ - ഹെഡ് ഓഫീസ്, എറണാകുളം റീജിയണൽ ഓഫീസ്, കോഴിക്കോട് റീജിയണൽ ഓഫീസ്
2. അക്ഷയ കേന്ദ്രങ്ങൾ , സേവാ കേന്ദ്രങ്ങൾ , GME , സൊസൈറ്റികൾ ഏജൻസികൾ
3. ഐ ടി മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
4. മാനേജർ (ഫിനാൻസ്)
5. ബന്ധപ്പെട്ട സെക്ഷനുകൾക്ക്
6. എല്ലാ ജീവനക്കാർക്കും
7. ചെയർമാൻ , ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇവരുടെ CA യ്ക്ക്
8. ഓഫീസ് കോപ്പി

# സത്യപ്രസ്താവന

<u>പെൻഷൻ അപേക്ഷയോടൊപ്പം ആധാർ സമർപ്പിക്കാൻ കഴിയാത്ത പ്രവാസി കേരളീയൻ (വിദേശം ) വിഭാഗത്തിലുള്ളവർ സമർപ്പിക്കേണ്ടുന്ന സത്യപ്രസ്താവന</u>

അംഗത്വ നമ്പർ ...............................പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള എന്റെ ..................................(പേര് ) പെൻഷൻ തീയതി ..................ആണ്.പെൻഷൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട ആധാർ നിലവിൽ എനിക്കില്ലാത്തതിനാലും വിദേശത്ത് നിന്ന് നാട്ടിലെത്തി ആയത് എടുക്കുന്നതിനുള്ള സാവകാശം ഇപ്പോൾ എനിക്ക് കിട്ടാത്തതിനാലും എന്റെ പെൻഷൻ അപേക്ഷ ആധാർ ഇല്ലാതെ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിക്കുന്നു. 2024 ഡിസംബർ 31 നകം എന്റെ ആധാർ ഞാൻ പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ ഹാജരാക്കിക്കൊള്ളാം എന്നും ഹാജരാകാത്ത പക്ഷം ബോർഡിൽ നിന്നും അനുവദിക്കുന്ന പെൻഷൻ തടയുന്നതിനും ആയത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം എനിക്ക് പെൻഷൻ ആനുകൂല്യം തുടർന്ന് അനുവദിച്ചു നൽകുന്നതിനും സമ്മതമാണെന്ന് ഇതിനാൽ ഞാൻ സത്യപ്രതിജ്ഞ ചെയ്യുന്നു.

ഒപ്പ് :

അംഗത്തിന്റെ പേര് :

മേൽവിലാസം :

സ്ഥലം : ഫോൺ നമ്പർ :

തീയതി : ഇമെയിൽ അഡ്രെസ്സ് :